LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

2011 മേയ് മാസം മുതൽ നാളിതുവരെ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കെട്ടിടനിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതും, അവയുടെ അടങ്കൽ തുകയും, പ്രവൃത്തികളും ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നുമുള്ള വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആറ്റിങ്ങൽ ദേശീയപാതയുടെ വീതികൂട്ടൽ

287(1358) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ദേശീയപാതയുടെ വീതികൂട്ടലുമായി ബന്ധപ്പെട്ട് 22.75 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതെന്ന് ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാതയുടെ വീതി കൂട്ടൽ അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) ആറ്റിങ്ങലിൽ ദേശീയപാതയുടെ വീതി കൂട്ടുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആവശ്യമായ ഭൂമി ലഭ്യമായശേഷം പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പാലം നിർമ്മാണം

288(1359) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മേയ് മാസം മുതൽ നാളിതുവരെ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പൊതുമരാമത്ത് വക പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി; ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയാണ്; ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(1) മണ്ണൂർക്കടവ് പാലം :

പ്രവൃത്തി പൂർത്തീകരിച്ചു.

അടങ്കൽ തുക 910.00 ലക്ഷം രൂപ.

(2) അരേങ്ങാട് പാലം :

പ്രവൃത്തി ആരംഭിച്ചു.

അടങ്കൽ തുക 210.00 ലക്ഷം രൂപ.

(3) മണക്കായിക്കടവ് പാലം :

മണക്കായിക്കടവ് പാലത്തിന്റെ പ്രവൃത്തി 13-12-2011-ന് എഗ്രിമെന്റ് വച്ച് ആരംഭിച്ചുവെങ്കിലും മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും സ്ഥലമേറ്റെടുത്ത് നൽകാൻ കാലതാമസം വന്നതിനാൽ പ്രവൃത്തി തുടർന്ന് നടത്തുവാൻ സാധിച്ചില്ല. ആയതിനാൽ കരാറുകാരനെ പ്രവൃത്തിയിൽ നിന്നും നിരുപാധികം ഒഴിവാക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ സ്ഥലം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ടെണ്ടർ ചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നു.

കൊല്ലങ്കോട്-പുതുനഗരം റോഡിലെ ഊട്ടറപാലം

289(1360) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട്-പുതുനഗരം റോഡിലെ ഊട്ടറപാലത്തിന്റെ ബലക്ഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഊട്ടറപാലം പുതുക്കി പണിയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പാലത്തിന്റെ അപകടാവസ്ഥ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കൊല്ലങ്കോട്-പുതുനഗരം റോഡിലെ ഊട്ടറ പാലത്തിന്റെ ബലക്ഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലത്തിന്റെ പുനർ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly